| 11-10-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- നിങ്ങൾ ആത്മീയ ബ്രാഹ്മണർക്ക് പരസ്പരം വളരെ വളരെ സ്നേഹം ഉണ്ടായിരിക്കണം. പരസ്പരം ചേർന്ന് അഭിപ്രായം സ്വരൂപിക്കൂ- എങ്ങനെ സർവ്വർക്കും സത്യ പിതാവിന്റെ പരിചയം നല്കാം.**

**ചോദ്യം-** കുട്ടികൾക്ക് ഏത് നിശ്ചയത്തിന്റെ ആധാരത്തിൽ തന്റെ ഭാഗ്യത്തെ ഉയർത്താൻ സാധിക്കും?
**ഉത്തരം-** ആദ്യം ബുദ്ധിയിൽ ഈ നിശ്ചയം ഉണ്ടാകണം- ഇവിടെ പഠിപ്പിക്കുന്നത് സ്വയം പരമാത്മാവാണ്, പരമാത്മാവിൽ നിന്ന് തന്നെ എനിക്ക് സൗഭാഗ്യം നേടണം അപ്പോൾ ദിവസവും പഠിത്തം പഠിക്കും സ്വന്തം സൗഭാഗ്യത്തെ ഉയർത്താൻ സാധിക്കും. ബാബയുടെ ശ്രീമതമാണ് കുട്ടികളെ നിങ്ങൾക്ക് ഏതൊരു പരിതസ്ഥിതിയിലും പതിവായി പഠിക്കണം. അഥവാ ക്ലാസ്സിൽ വരാൻ സാധിക്കുന്നില്ലായെങ്കിലും വീട്ടിലിരുന്ന് മുരളി പഠിക്കൂ.

**ഗീതം-** അങ്ങ് സ്നേഹ സാഗരനാണ്....

**ഓം ശാന്തി.** ആത്മാക്കൾ അർത്ഥം കുട്ടികൾ മനസ്സിലാക്കി ഞാൻ ആത്മാവ് ബിന്ദുവിനെപ്പോലെയാണ് എന്ന്. നക്ഷത്രത്തിന് സമാനം. എന്നാൽ ആത്മാവ് തന്റെ അച്ഛനെ എങ്ങനെ മനസ്സിലാക്കും. ലോകത്തിൽ ആരും സ്വയത്തേയോ, തന്റെ അച്ഛനെയോ അറിയുന്നില്ല. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ ബിന്ദുവാണ്. എത്ര ചെറുതാണ്, ബാബയും അത്ര തന്നെ ചെറുതാണ്. ആത്മാവിനേക്കാൾ വലുതൊന്നുമല്ല പരമാത്മാവ്. ശരീരമാണ് ചെറുതും വലുതുമാകുന്നത്. നിങ്ങൾ ഇപ്പോൾ ശിവബാബയുടെ ഓർമ്മയിലാണ് ഇരിക്കുന്നത്. ആത്മാവ് ചെറിയ ബിന്ദുവാണെന്ന് ആരെങ്കിലും മനസ്സിലാക്കിയാലും, പക്ഷേ അതിൽ 84 ജന്മങ്ങളുടെ പാർട്ടുണ്ട്, അത്ഭുതമല്ലേ. ആത്മാവിന് ശരീരത്തിന്റെ ആധാരമെടുക്കാതെ പാർട്ടഭിനയിക്കാൻ സാധിക്കില്ല. അതേപോലെ പരമാത്മാവും ആത്മാവിനേ പോലെ ചെറുതാണ്. എന്നാൽ അച്ഛൻ എന്ന് എന്ത് കൊണ്ട് പറയുന്നു? കാരണം സദാ പാവനമാണ്. അവർ പരമാത്മാവിനെ അറിയുന്നില്ലായെങ്കിലും അച്ഛൻ എന്ന് പറയുന്നു. ഏതു പോലെ നിങ്ങൾ അറിവോടു കൂടി ഓർമ്മിക്കുന്നു, അതേ പോലെ അവരും ഓർമ്മിക്കുന്നു. ഇത്രയും ഭക്തരുടെ ഭഗവാൻ ഒന്നേയുള്ളൂ, ബാബയെയാണ് പതിത പാവനൻ എന്നു പറയുന്നത്. സന്യാസിമാരും വിളിക്കുന്നു, ഗോഡ്ഫാദർ എന്നു പറയുന്നു. അപ്പോൾ സർവ്വരുടെയും അച്ഛനായില്ലേ. അച്ഛന് പതിതത്തിൽ നിന്നും പാവനമാക്കാൻ വരേണ്ടിയിരിക്കുന്നു. പാവനമാകുന്നതിനുള്ള ഉപായം ബാബ തന്നെ കേൾപ്പിക്കുന്നു കാരണം ആത്മാവിൽ പാപങ്ങളുടെ അഴുക്ക് നിറഞ്ഞിരിക്കുന്നു. നമ്മൾ എഴുതുന്നുണ്ട്- പവിത്രമാകൂ എന്ന്, എന്നാൽ ഇങ്ങനെയുള്ള സ്ലോഗൻ എഴുതിയാലൊന്നും പുറമേയുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. ബാക്കി നിങ്ങൾക്കാണെങ്കിൽ മനസ്സിലാക്കി തന്നു, അതിനാൽ നിങ്ങൾക്ക് സ്ലോഗന്റെ ആവശ്യമൊന്നുമില്ല. ഇതിന്റെ അർത്ഥമാണ് പവിത്രമാകൂ, ബാബയെ ഓർമ്മിക്കൂ എന്ന്. മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാത്തിടത്തോളം കാലം ഇതൊന്നും മനസ്സിലാക്കാൻ സാധിക്കില്ല. യോഗത്തിലിരിക്കുകയാണെങ്കിൽ പവിത്രമാകാൻ സാധിക്കും. പറയാറുണ്ട്- ഹിസ് ഹോളിനസ് എന്ന്. ഇത് പവിത്രതയുടെ ടൈറ്റിലാണ്. സന്യാസിമാരെ പവിത്രമെന്നു പറയുന്നു കാരണം വികാരത്തിൽ പോകുന്നില്ല. അവർ പവിത്രമായി ജീവിക്കുന്നു, ബ്രഹ്മത്തെ ഓർമ്മിക്കുന്നു എന്നാൽ വികാരികളുടെയടുത്ത് തന്നെ ജന്മമെടുക്കേണ്ടി വരുന്നു. നിങ്ങളോട് പറയുകയാണ് പവിത്രമാകൂ, ശിവബാബയെ ഓർമ്മിക്കൂ. സന്യാസിമാർ സ്വയത്തെ കർമ്മ സന്യാസിയെന്നു പറയുന്നു. എന്നാൽ കർമ്മത്തെ സന്യസിക്കുന്നില്ല. ദേഹമില്ലാതാകുമ്പോഴാണ് കർമ്മ സന്യാസം ഉണ്ടാകുന്നത്. ശരീരമില്ലാതെ ആത്മാവ് പരംധാമിലാണ് വസിക്കുന്നത്. ഇവിടെ കർമ്മത്തെ എങ്ങനെ സന്യസിക്കാൻ സാധിക്കും? ഇങ്ങനെ പറയുന്നതും അസത്യമാണ്. അവർ പറയുന്നു ഗൃഹസ്ഥികൾ ചെയ്യുന്ന കർമ്മം ഞങ്ങൾ ചെയ്യുന്നില്ല എന്ന്. ഗൃഹസ്ഥികളുടെ കർമ്മം വളരെയധികമുണ്ട്- യജ്ഞം, തപസ്സ്, തീർത്ഥയാത്ര....ചെയ്യുന്നു. അത് സന്യാസിമാരും ചെയ്യുന്നുണ്ട്. ബാക്കി വ്യത്യാസം ഇതാണ്- സമ്പാദിച്ച് ഭക്ഷണം വീട്ടിൽ പാകം ചെയ്യുന്നു, സന്യാസിമാർ ഇത് ചെയ്യുന്നില്ല. അവർ യാചിച്ച് കഴിക്കുന്നു കാരണം അവരുടേത് ഹഠയോഗമാണ്. ഹഠയോഗത്തിലൂടെ പരമാത്മാവുമായി മിലനം ചെയ്യാൻ സാധിക്കില്ല. ബാബ വന്നാലേ ബാബയുമായി മിലനം ചെയ്യാൻ സാധിക്കൂ, ബാബ വരാതെ പാവന ലോകത്തിന്റെ സ്ഥാപന ചെയ്യാൻ സാധിക്കില്ല. എത്ര മനസ്സിലാക്കി തരുന്നു, എന്നാലും മനസ്സിലാക്കുന്നില്ല. കുട്ടികൾ എഴുതുന്നു- ഇത്രയും പേർ വന്നു എന്ന്. ഇപ്പോൾ നോക്കാം എത്ര പേർ തന്റെ സൗഭാഗ്യത്തെ ഉണ്ടാക്കുന്നുവെന്ന്. നിറയെ പേർ വരുന്നുണ്ട്, എന്നാൽ ബുദ്ധിയിലില്ല- ഇവരെ പഠിപ്പിക്കുന്നത് പരമപിതാ പരമാത്മാവാണ്, നമുക്ക് പരമാത്മാവിൽ നിന്നും സൗഭാഗ്യം എടുക്കണം. ബാബ റജിസ്റ്ററും കാണുന്നുണ്ട്. ചിലർ മാസത്തിൽ 8-10 ദിവസം വരുന്നു, ചിലർ വരുന്നേയില്ല

അവർ എഴുതുന്നുമില്ല. വരുന്നില്ലായെങ്കിൽ അവർ മുരളി പഠിക്കുന്നുണ്ടോ അതോ ഇല്ലേ. ഏതൊരു പരിതസ്ഥിതിയിലും ദിവസവും പഠിക്കണം. ഏതു പോലെ ജപസാഹേബ്, സുഖമണി എന്നീ ഗ്രന്ഥങ്ങൾ പഠിക്കാൻ വേണ്ടി ചെറുതായി ഉണ്ടാക്കുന്നു. നിങ്ങൾക്കറിയാം അതെല്ലാം പഠിക്കുന്നതിലൂടെ എന്ത് പ്രാപ്തിയാണ് ഉണ്ടാകുന്നതെന്ന്. ഒന്നും തന്നെയില്ല. കുറച്ച് സമയത്തേക്ക് ബുദ്ധി ശരിയാകുന്നു. എന്നാൽ ബാബയെ മിലനം ചെയ്യാൻ സാധിക്കില്ല. വികാരങ്ങളിൽ കുടുങ്ങി പോകുന്നു, പിന്നെ അതിലൂടെ യാതൊരു പ്രാപ്തിയുമില്ല. പറയാറുണ്ട് വിനാശ കാലേ വിപരീത ബുദ്ധി, ഇത് ഇപ്പോൾ വിനാശ സമയമാണ്, മറ്റാരും പരമാത്മാവിനെ അറിയുന്നില്ല. പറയുന്നു- നമ്മൾ രചയിതാവിനെയും, രചനയുടെ ആദി മദ്ധ്യ അന്ത്യത്തെയും അറിയുന്നില്ല. എന്നാൽ ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ മനസ്സിലാക്കണ്ടേ. ബാബ മനസ്സിലാക്കി തരുന്നു- സത്യയുഗമാണ് ആദി, കലിയുഗമാണ് അന്ത്യം. അതിനാൽ മൂന്നു കാലങ്ങളെയും, മൂന്നു ലോകങ്ങളെയും മനസ്സിലാക്കണം. മൂന്നു ലോകമാണ് സ്ഥൂല വതനം, സൂക്ഷ്മ വതനം....പറയുന്നു- ശാസ്ത്രം അനാദിയാണ് എന്ന്, എന്നാൽ ബാബ മനസ്സിലാക്കി തരുന്നു രാവണ രാജ്യം ആരംഭിക്കുമ്പോൾ ശാസ്ത്രവും ആരംഭിക്കുന്നു, അപ്പോൾ ദ്വാപരയുഗം മദ്ധ്യമായി. അരകല്പം സത്യയുഗം, അരകല്പം കലിയുഗം. പകുതിയുടെ കണക്കാണ്. അവർക്ക് മദ്ധ്യത്തെ മനസ്സിലാക്കാൻ സാധിക്കുന്നില്ല കാരണം കല്പത്തിന്റെ ആയുസ്സ് ലക്ഷ കണക്കിന് വർഷം എന്ന് പറയുന്നു. പറയണം ബാബയെ മനസ്സിലാക്കൂ, ബ്രഹ്മാകുമാർ കുമാരിയാകൂ എങ്കിൽ സമ്പത്ത് ലഭിക്കും. ആദ്യം ആര് വന്നാലും ചോദിക്കൂ- എവിടെയാണ് വന്നിരിക്കുന്നത് എന്ന്. പറയുന്നു ബികെ യുടെയടുത്ത്. നിങ്ങൾ പറയൂ- ചിന്തിക്കൂ- ഇത്രയും ബ്രഹ്മാകുമാർ കുമാരിമാരുണ്ട്, അപ്പോൾ ബ്രഹ്മാബാബയും ഉണ്ടാകും. എത്ര സേവാകേന്ദ്രങ്ങളുണ്ട്, അനവധി ബ്രഹ്മാകുമാർ കുമാരിമാരുണ്ട്. ഇത്രയും കുട്ടികൾ ഒരച്ഛന് എങ്ങനെ ഉണ്ടാകും. എഴുതിയിട്ടുണ്ട് പ്രജാപിതാവ് എന്ന് അപ്പോൾ ഇത്രയും ബ്രഹ്മാകുമാർ കുമാരിമാരുണ്ട്.. ഇങ്ങനെയിങ്ങനെ മനസ്സിലാക്കി കൊടുക്കണം. പിന്നെ ചിന്തിക്കൂ- പ്രജാപിതാ ബ്രഹ്മാവ് ആരുടെ കുട്ടിയാണ്? ഇത്രയും കുട്ടികളെ രചിക്കുക എന്നത് പരമാത്മാവിന്റെ കർത്തവ്യമല്ലേ. അപ്പോൾ പരമാത്മാവ് വരുന്നുണ്ടാകും. പാടാറുണ്ട്- അങ്ങ് തന്നെയാണ് മാതാ പിതാവ്... അപ്പോൾ അച്ഛൻ ബ്രഹ്മാവായില്ലേ. അപ്പോൾ പരമാത്മാവ് ബ്രഹ്മാവിലൂടെ രചിക്കുന്നു, പരിവർത്തനപ്പെടുത്തുന്നു. ദത്തെടുക്കുന്നു, സമ്പത്ത് നല്കുന്നതിന്. എങ്ങനെ പാവനമാക്കുന്നു? ഓർമ്മയിലൂടെ. പറയുന്നു- സർവ്വ ധർമ്മങ്ങളെയും മറന്ന് എന്നെ മാത്രം ഓർമ്മിക്കൂ എന്ന്. സർവ്വരും പറയുന്നു- ബാബ ജ്ഞാന സാഗരനാണ്, ആനന്ദസാഗരനാണ്, മുക്തിദാതാവാണ്, വഴികാട്ടിയാണ് എന്ന്. അതിനാൽ സുഖധാമിലേക്ക് കൊണ്ടു പോകുന്നു. സുഖം എവിടെയാണ് ഉള്ളത്? സുഖധാമത്തിൽ. ഇപ്പോൾ ബാബ ശാന്തിധാമിലേക്ക് കൊണ്ടു പോകുന്നു, പിന്നെ സുഖധാമിലേക്കും. ഈ കാര്യങ്ങൾ എങ്ങനെ ഓർമ്മിക്കാം. ദിവസവും പറഞ്ഞു കൊണ്ടേയിരിക്കണം, മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം എങ്കിൽ പോയിന്റ്സ് ബുദ്ധിയിൽ വന്നു കൊണ്ടിരിക്കും. മറ്റുള്ളവർക്ക് പറഞ്ഞു മനസ്സിലാക്കി കൊടുക്കുമ്പോൾ അവരെ കൊണ്ട് എഴുതിക്കണം. ആത്മാക്കളുടെ പിതാവായ പരമാത്മാവിന്റെ അഡ്രസ്സ് എഴുതിക്കണം- അച്ഛൻ ശിവനാണ് അപ്പോൾ ബാബയിൽ നിന്നും സമ്പത്തെടുക്കണം. അതിനാൽ പരിശ്രമിക്കണം. പക്ഷെ ആര് പരിശ്രമിക്കും? അതിനാൽ കുട്ടികൾ സ്വയം മുന്നിൽ വന്ന് മറ്റുള്ളവരെയും മുന്നിലേക്ക് കൊണ്ടു വരണം, സേവനത്തിനുള്ള പ്ലാൻസ് ഉണ്ടാക്കണം. ഏതു പോലെ പട്ടാളത്തിലെ കമാന്റർസ് ഒരുമിച്ച് കാണാറുണ്ടല്ലോ. ഇവിടെയും കുട്ടികൾ ഒരുമിക്കണം . എന്നാൽ എന്ത് ചെയ്യാം, കുട്ടികൾ പരസ്പരം ഒരുമിക്കുന്നില്ല. വാസ്തവത്തിൽ നിങ്ങൾ ബ്രാഹ്മണർക്ക് പരസ്പരം വളരെ സ്നേഹം ഉണ്ടായിരിക്കണം. അഭിപ്രായം കണ്ടെത്തണം- എങ്ങനെ മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കണം എന്ന്.

നോക്കൂ, ലക്ഷ്മീ നാരായണന് എത്ര ക്ഷേത്രങ്ങളുണ്ട്. അതിനാൽ ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നവരെ പോയി കാണണം- നിങ്ങൾ ഈ ക്ഷേത്രം ഉണ്ടാക്കി, എന്നാൽ അറിയാമോ ഇവർ ഈ രാജ്യം എങ്ങനെ നേടി? എങ്ങനെ നഷ്ടപ്പെടുത്തി? ശ്രീകൃഷ്ണന്റെ ചിത്രം വളരെ നല്ലതാണ്, ഇതിൽ 84 ജന്മങ്ങളുടെ കഥ വളരെ നല്ലതാണ്. കേവലം ഈ ചിത്രം വലുതാക്കി ഉണ്ടാക്കണം. ബാബ പറയുന്നു- ആര് വന്നാലും യുക്തിയോടെ ചോദിക്കണം- നിങ്ങൾ ഗീത പഠിച്ചിട്ടുണ്ടോ? പറയൂ ഗീതയുടെ ഭഗവാൻ ആരാണ് എന്ന്? യുക്തിയോടെ മനസ്സിലാക്കി കൊടുക്കണം. പറയാറില്ലേ അങ്ങാണ് മാതാ പിതാവെന്ന്... അപ്പോൾ ബ്രഹ്മാവ് അമ്മയായി അതിനാൽ ബ്രഹ്മാവുമായി സംബന്ധം വെയ്ക്കണം. ബ്രഹ്മാവിനോട് സ്നേഹമില്ലായെങ്കിൽ ബാബയിൽ നിന്നും സമ്പത്ത് എങ്ങനെയെടുക്കും. നിങ്ങളുടെ യുദ്ധം പഴയ ശത്രുവുമായിട്ടാണ്. രാവണനുമായി യുദ്ധമുണ്ടെന്ന് ആർക്കും അറിയില്ല. പറയാറുണ്ട്- സത്യത്തിന്റെ തോണി ആടും, ഉലയും പക്ഷെ മുങ്ങില്ല. എത്ര ആടുന്നുണ്ട്. മറ്റ് സത്സംഗങ്ങളിൽ കുലുങ്ങേണ്ട കാര്യമേയില്ല. ഇവിടെ മായയുമായാണ് യുദ്ധം. ബാബയെ മനസ്സിലാക്കാതെ, എത്ര എഴുതി തന്നാലും, അത് തത്ത പറയുന്ന പോലെയാകും. കാട്ടിലെ തത്ത വരും, പോകും. ബാബയെ മനസ്സിലാക്കണം. പ്രജകൾ അനവധിയുണ്ട്, ബാക്കി രാജ്യ പദവിയ്ക്ക് ആരും എണീൽക്കുന്നില്ല. ദീപത്തിൽ അർപ്പണമാകുക, അതിന് തന്നെയാണ് വലിയ പ്രയാസം.

ശരി.

മധുര മധുരമായ തിരികെ കിട്ടിയ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**രാത്രി ക്ലാസ്സ് –** നിങ്ങൾ കുട്ടികൾക്ക് ബാബയുടെ നിർദ്ദേശം ലഭിച്ചു– കുട്ടികളെ ബാബയെ ഓർമ്മിക്കൂ എന്ന്. കുട്ടികൾ പറയുന്നു– ബാബാ സമയം കിട്ടുന്നില്ല. ഇപ്പോൾ സമയമെവിടെ പോകുന്നു? തീർച്ച യായും മായ നിങ്ങളുടെ സമയമെടുക്കുന്നു. മായയും വളരെ ശക്തിശാലിയാണ്, ബാബയെ ഓർമ്മിക്കാ നുള്ള സമയമേ തരുന്നില്ല, അത് കൊണ്ടാണ് പറയുന്നത് മുഴുവൻ ദിവസത്തിൽ അര മണിക്കൂർ, 20 മിനിറ്റ് ഓർമ്മയിലിരിക്കണം. വളരെ വിരളം പേരേ മുഴുവൻ ദിവസത്തിൽ 2 മണിക്കൂർ ഓർമ്മയിലിരിക്കുന്നുണ്ടാ കൂ. രണ്ട് മണിക്കൂർ ഓർമ്മിക്കുന്നവർ കൈ ഉയർത്തൂ? ആ സ്ഥൂല ഓർമ്മ, പഴയ ഓർമ്മ ഉണ്ടാകുന്നുണ്ട്. ഇത് നിരാകാരിയാണ്, ബാബയ്ക്ക് കണ്ണോ ചെവിയോ ഇല്ല. കുട്ടികളോട് പറയുന്നു– എന്നെ മാത്രം ഓർമ്മിക്കൂ എന്ന്. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. അപ്പോൾ ബാബ ചോദിക്കുകയാണ്– എത്ര മണിക്കൂർ ഓർമ്മയിലിരിക്കുന്നു? കുട്ടികൾ കളിക്കാൻ പോകുമ്പോഴും ടീച്ചറിനെ ഓർമ്മിക്കുന്നു. അത് സ്ഥൂലമായ ഓർമ്മയാണ്. ഇതിൽ അല്പം പ്രയാസമുണ്ട്, അതിനാൽ ബാബ ചോദിക്കുന്നു– സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ 2 മണിക്കൂർ ആർക്കാണോ ഓർമ്മിക്കാൻ സാധിക്കുന്നത് അവർ കൈ ഉയർത്തൂ? ലജ്ജിക്കേണ്ട ആവശ്യമില്ല. കൃത്യമായി പറയൂ.

നിങ്ങൾ ഇവിടെ ഇരിക്കുന്നു, ബാബ മുരളി ഉച്ചരിക്കുമ്പോൾ ബുദ്ധി വേറെ ഭാഗങ്ങളിൽ പോകുന്നില്ലേ. അത്രയും ബുദ്ധിയിൽ ധാരണ ഉണ്ടാകുന്നില്ല. ഏതു പോലെ ഇവിടെ രാവിലെ ബാബ ഒരു മണിക്കൂർ മന സ്സിലാക്കി തരുന്നു, ആ ഒരു മണിക്കൂർ ബാബയെ ഓർമ്മിക്കുന്നുണ്ടോ അതോ ബുദ്ധി പുറമേ പോകു ന്നുണ്ടോ? പുരുഷാർത്ഥത്തിന്റെ നമ്പറനുസരിച്ച് ബുദ്ധി പുറമേ പോകുന്നു. മുഴുവൻ കേൾക്കുന്നില്ല. മുഴു വൻ കേൾക്കുന്നു, നോട്ട് ചെയ്യുന്നുവെങ്കിൽ ബാബ പറയും ഇവരുടെ യോഗം ശരിയാണ് എന്ന്. അതി നാൽ കേൾക്കുന്ന സമയത്ത് ശ്രദ്ധിക്കണം, പോയിന്റ്സ് എഴുതണം. ബന്ധം വിട്ടുവെങ്കിൽ പോയിന്റ് മറന്നു പോകും.

ബാബ മനസ്സിലാക്കി തരുന്നു– കുട്ടികളെ, ഹൃദയസ്തംഭനത്തിന്റെ മൃത്യു വളരെ മധുരമായ മൃത്യുവാണ്. ഇതിൽ എന്റെ നിന്റെ കറക്കം ഒന്നും തന്നെയില്ല. ഇരുന്ന ഇരുപ്പിൽ വീണു, അബോധാവസ്ഥയിലേക്ക് പോയി, കഴിഞ്ഞു. പിന്നെ ബോധത്തിലേക്ക് വരുന്നേയില്ല. ഇത് വളരെ നല്ല മൃത്യുവാണ്. ബാക്കി മനുഷ്യർ കരയുന്നു, നിലവിളിക്കുന്നു, നിങ്ങൾ സന്തോഷിക്കും. ഇവരുടെ മൃത്യു എത്ര സഹജമായി, യാതൊരു ദുഃഖവും അനുഭവിച്ചില്ല. മൃത്യുവാണെങ്കിൽ ഇങ്ങനെയായിരിക്കണം, ഇല്ലായെങ്കിൽ മരുന്ന്, നഴ്സ്...അതി നാൽ ഇരുന്ന ഇരുപ്പിൽ ഈ പഴയ ചെരുപ്പിനെ ഉപേക്ഷിക്കണം, കർമ്മാതീത അവസ്ഥ പ്രാപ്തമാക്കണം, അങ്ങനെ ശരീരം ഉപേക്ഷിക്കണം, അതാണ് ഏറ്റവും നല്ലത്. പോകുന്തോറും നിങ്ങൾ കാണും, അനായാ സേന ബോംബുകൾ വർഷിക്കപ്പെടും, സർവ്വരും ശരീരം വിടും. മുഖം ഹർഷിതമാകും. ഏതു പോലെ നല്ല മരണം ഉണ്ടാകുമ്പോൾ കാണുന്നവർ പറയാറില്ലേ– ഇവർ ഉണർന്നിരിക്കുന്ന പോലെയാണ്, ഹർഷി തമായിരിക്കുന്നത് പോലെയാണ് എന്ന്, മരിച്ചു പോയി എന്നു ആരും പറയില്ല. ആത്മാവ് ഹർഷിതമായല്ലേ പോകുന്നത്, അതിനാൽ ആത്മാവിൽ ഹർഷിതമാകുന്ന സംസ്ക്കാരമുണ്ടെങ്കിൽ അത് മുഖത്തിലും കാണ പ്പെടുമല്ലോ. ആത്മാവ് ഇല്ലാതാകുന്നില്ല, ആത്മാവ് ശരീരം ഉപേക്ഷിക്കുന്നു. വളരെ സന്തോഷത്തോടെ പുഞ്ചിരിച്ച് ശരീരം ഉപേക്ഷിക്കുന്നു, ഇതിനെയാണ് കർമ്മാതീത അവസ്ഥ എന്നു പറയുന്നത്. അവർ തന്നെയാണ് ഏറ്റവും ശ്രേഷ്ഠം എന്നു പറയുന്നത്. നിങ്ങൾ കുട്ടികളും ഇതേ പോലെ തന്നെ പോകണം, ശരീരത്തെ കുറിച്ച് ചിന്തിക്കണ്ട, മറ്റ് ഒരു വസ്തുവും ഓർമ്മ വരരുത്, ഇതിനെയാണ് പറയുന്നത് ഏറ്റവും മധുരം, സ്വയം ശരീരം വെടിയണം, അതിനാൽ സർപ്പത്തിന്റെ ഉദാഹരണവും നല്കുന്നു. സത്യയുഗ ത്തിൽ സന്തോഷത്തോടെ ശരീരം വെടിയുന്നു. അതിനാൽ ഇവിടെ നിന്ന് തന്നെ അഭ്യാസം ഉണ്ടാകണം, പിന്നീട് അത് സംസ്ക്കാരമാകും.

നിങ്ങൾ കുട്ടികൾ ബാബയെ എത്ര സ്നേഹത്തോടെ ഓർമ്മിക്കുന്നു. ഇംഗ്ലീഷിൽ പറയാറുണ്ട് മോസ്റ്റ് ബിലവ്ഡ്, പരമപ്രിയം, വളരെ മധുരം. മനുഷ്യരെ പരമപ്രിയം, മോസ്റ്റ് ബിലവഡ് എന്നു പറയാൻ സാധി ക്കില്ല. ബാബ പറയുന്നു കുട്ടികളെ ഞാൻ നിങ്ങളുടെ അച്ഛനുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. നിങ്ങൾ ടീച്ചറിനെ മറന്നുവെങ്കിൽ ബാബയെ അച്ഛനായി ഓർമ്മിക്കാം. ബാബ വഴികാട്ടിയാണ്. ദുഃഖത്തിൽ നിന്നും മുക്തമാക്കുന്നവനാണ്, ശാന്തിധാമിലേക്ക് കൊണ്ടു പോകുന്നവനാണ്, അതിനു പിന്നാലെയാണ് സുഖധാ

മം. അതിനാൽ നിങ്ങൾക്ക് ജ്ഞാനമാകുന്ന പുല്ല് ലഭിക്കുന്നു, പിന്നെ അതിനെ വിചാര സാഗരമഥനം ചെയ്തു കൊണ്ടിരിക്കൂ. ഏതു പോലെ പശുവിന്റെ വായ സദാ ചലിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളുടെ മുഖം ചലിക്കേണ്ട ആവശ്യമില്ല, ബാക്കി ഉള്ളിൽ സർവ്വതും ഓർമ്മിക്കണം. ഏതു പോലെ നിങ്ങൾ അതേ പോലെ ഞാനും. എനിക്ക് കുറച്ച് സമയമേ ലഭിക്കുന്നുള്ളൂ കാരണം എന്റെ ബുദ്ധിയോഗം പുറമേ പോകുന്നു, ഇടയ്ക്ക് കത്ത് വരുന്നു, ഇന്നയാളുമായി ഉരസൽ ഉണ്ടായി, ഇതാണ്, അതാണ്.... അതിനാൽ മുഴുവൻ സമയം ബുദ്ധിയോഗം ആ ഭാഗത്തേക്ക് പോകുന്നു. എന്നാൽ കുട്ടികളെക്കാൾ കൂടുതൽ സഹജം ബാബയ്ക്കാണ് കാരണം ശിവബാബയോടൊപ്പം വസിക്കുന്നു. ബ്രഹ്മാബാബ ഭോജനം കഴിക്കാനിരിക്കുമ്പോൾ ചിന്തിക്കുന്നുണ്ട്– ശരി, ഞാൻ ബാബയെ ഓർമ്മിക്കുന്നു, 2–3 മിനിറ്റ് മാത്രം ഓർമ്മ നിലനില്ക്കുന്നു, പിന്നെ മറന്നു പോകുന്നു. കാറ്റ് പോലെ ഓർമ്മ പോകുന്നു, കുട്ടികളെ ശ്രമിച്ചു നോക്കൂ. സഹജമായിട്ടും ഓർമ്മിക്കാൻ സമയമെടുക്കുന്നുവല്ലോ. ശരി.

മധുര മധുരമായ തിരികെകിട്ടിയ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദായുടെ ഹൃദയം കൊണ്ടും പ്രാണൻ കൊണ്ടും പ്രേമവാത്സല്യം കൊണ്ടുമുള്ള സ്നേഹസ്മരണകളും ഗുഡ്നൈറ്റും. മധുര മധുരമായ തിരികെകിട്ടിയ ആത്മീയ കുട്ടികൾക്ക് ആത്മീയ പിതാവിന്റെ നമസ്തേ.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം–

1. പരസ്പരം വളരെ സ്നേഹത്തോടെയിരിക്കണം, ഏതൊരു യുക്തിയോടെ ഓരോരുത്തരിലും ബാബയുടെ സന്ദേശം എത്തിക്കാമെന്ന അഭിപ്രായം സർവ്വരും ചേർന്ന് കണ്ടെത്തണം.

2. ഇത് വിനാശ സമയമാണ്, അതിനാൽ ഒരേയൊരു ബാബയോട് സത്യമായ പ്രിയം വെയ്ക്കണം. യോഗത്തിലൂടെ ആത്മാവിനെ പാവനമാക്കണം.

## വരദാനം – സ്വരാജ്യത്തോടൊപ്പം പരിധിയില്ലാത്ത വൈരാഗ്യവൃത്തിയെ ധാരണ ചെയ്യുന്നവരായ സത്യം സത്യമായ രാജഋഷിയായി ഭവിക്കട്ടെ

ഒരു വശത്ത് രാജ്യവും മറുവശത്ത് ഋഷിയും അർഥം പരിധിയില്ലാത്ത വൈരാഗി. ഇങ്ങനെയുള്ള രാജഋഷിക്ക് എവിടെയും –അവനവനിൽ, വ്യക്തികളിൽ, വസ്തുവിൽ...ആകർഷണമുണ്ടാകാൻ കഴിയില്ല, എന്തെന്നാൽ സ്വരാജ്യമുണ്ടെങ്കിൽ മനസ്, ബുദ്ധി, സംസ്കാരം എല്ലാം തന്റെ വശത്തായിരിക്കുന്നു, വൈരാഗ്യമുണ്ടെങ്കിൽ പഴയ ലോകത്തിൽ സങ്കൽപ മാത്ര പോലും ആകർഷണം പോകുക സാധ്യമല്ല. അതിനാൽ സ്വയം രാജഋഷിയെന്നു മനസിലാക്കുക അർഥം രാജാവിന് ഒപ്പമൊപ്പം പരിധിയില്ലാത്ത വൈരാഗിയാകുക.

## സ്ലോഗൻ – വിവേകി എല്ലാ ആധാരവും മുറിയുന്നതിനു മുമ്പ് ബാബയെ ആധാരമാക്കുന്നു